# സ്നേഹത്തോടെ മലർവാടിക്ക്...



ഞാൻ മലർവാടിയുടെ ഒരു വായനക്കാരനാണ്.

ആദ്യമായാണ് കത്ത് അയക്കുന്നത്. മലർവാടി എനിക്ക് വൈകിയാണ് കിട്ടാറുള്ളത്. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥകൾ പൂച്ചപ്പോലീസ്, പട്ടാളം പൈലി, ചിരി വൈദ്യനുമാണ്. ചക്കര ഇഞ്ചിങ്ങയും നല്ല ഇഷ്ട മായിരുന്നു. മലർവാടിക്ക് കുറേ പേജ് വേണം എന്നാണെന്റെ ആഗ്രഹം. പെട്ടെന്ന് വായിച്ച് തീർ ന്നു പോകുന്നു.

അബ്ദുൽ ബാസിത്ത് എം
തൊടികപ്പുലം
ക്ലാസ്- 6
എ. യു. പി. എസ് എറിയാട്

പ്രിയപ്പെട്ട മലർവാടീ,

ആദ്യമായാണ് ഞാൻ മലർവാടിക്ക് കത്തയക്കു ന്നത്. മലർവാടി ഏറെ ഉപകാരപ്രദമാണ് ട്ടോ. ലോക്ഡൗൺ കാലത്ത് വീട്ടിൽ ചങ്ങാതിയായി മലർവാടിയൊക്കെ യല്ലേ ഉള്ളത്. മലർ വാടിയുടെ താഴ്ഭാഗത്തു കൊടുക്കുന്ന ക്വിസ് ചോദ്യങ്ങൾ ഒന്നോ രണ്ടോ പേജുകളിലായി കൊടുത്ത് ക്വിസ് മത്സരമാക്കിക്കൂ ടേ? പ്രധാനപ്പെട്ട ന്യൂ സുകൾ നൽകുന്നതും ആലോചിച്ചുകൂടേ..?

മലർവാടിയിലെ വണ്ട ർഫുൾ ഇംഗ്ലീഷും കവിതകളും കഥകളും രസകരമാകുന്നുണ്ട്. പട്ടാ ളം പൈലിയാണെനി ക്കേറ്റവുമിഷ്ടം.

ശിഹാബ്ക്ക പറഞ്ഞു തരുന്ന അറിവുകൾക്കൊ രു പാട് നന്ദി. മലർവാടി വളരുന്ന തലമുറക്ക് പ്ര ചോദനമാകട്ടെ.

ബർസ എ
കാരയാട് എ. യു. പി സ്കൂൾ
ക്ലാസ് 6

പ്രിയപ്പെട്ട മലർവാടിക്ക്,

ഞാൻ പത്താം വയസ്സി ലാണ് മലർവാടിയെ പ രിചയപ്പെടുന്നത്. എന്റെ കൂട്ടുകാരൻ വഴിയാണ് പ രിചയപ്പെട്ടത്. പിന്നെ പിന്നെ മലർവാടിവായന ഒരു ശീലമായി. ചക്കര ഇഞ്ചിങ്ങ നല്ല രസമുള്ള ചിത്രകഥയായിരുന്നു.

മുഹമ്മദ് ഷിഹാൻ
ക്ലാസ് 7
അൽമനാർ പബ്ലിക് സ്കൂൾ
ഈരാറ്റുപേട്ട

പ്രിയപ്പെട്ട മലർവാടീ,

മലർവാടിയിലെ ചക്കര ഇഞ്ചിങ്ങയും കുഞ്ഞാവ നോവലും നല്ല ഇഷ്ടമായിരുന്നു. സ്വപ്നത്തിലെ കൊച്ചു മാലാഖയാണ് ഈ കുഞ്ഞാവ.

മലർവാടി ദ്വൈവാരികയാക്കിയി ട്ടും എനിക്ക് സങ്കടമാണ്. രണ്ടാഴ്ച കാത്തിരിക്ക ണമല്ലോ മലർവാടി ലഭിക്കാൻ എന്ന്.

ഒരുപാട് നല്ല അറിവുകൾ പറഞ്ഞു തരുന്ന വൈറൽ ഞാൻ മുടങ്ങാതെ വായിക്കാ റുണ്ട്. നല്ല ഊർജം തരുന്നുണ്ട് ആ പംക്തി. മലർവാടിയിൽ ചിത്ര കഥകൾ കുറഞ്ഞു പോ കുന്നത് ശ്രദ്ധിക്കുമല്ലോ..

സന ഷംബ്രിറിൻ. കെ
ക്ലാസ് 5
മണ്ണാർക്കാട്



**നിങ്ങളുടെ കത്തുകൾ**
**മലർവാടി ദ്വൈവാരിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12. കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.**

▸▸ **ഇന്ത്യയിൽ വാഴകൃഷിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം– തമിഴ്നാട്**